# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.608** **29/06/2015-ൽ മറുപടിക്ക്**

## ഐ.ടി. കയറ്റുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പുതുതായി ആരംഭിച്ച സംരംഭങ്ങൾ എത്രയെന്നറിയിക്കുമോ ; | (എ) | ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഐ.ടി. പാർക്കുകളും, KSITIL, STPI എന്നിവ നടത്തി വരുന്ന പ്രവർത്തനങ്ങളും, ആരംഭിച്ച സംരംഭങ്ങളും താഴെപ്പറയുന്നു.<br>**ടെക്നോപാർക്ക് :**<br>ടെക്നോപാർക്കിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, അവയുടെ വികസനം കൂടാതെ Phase-II, Phase-III, Technocity, Technopark Kollam എന്നീ വിവിധ വികസന പദ്ധതികളിലെല്ലാം ഒരുക്കിയിരിക്കുന്ന ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ സംസ്ഥാനത്ത് കൂടുതൽ ഐ.ടി. വികസനവും ഐ.ടി. കയറ്റുമതിയും സാധ്യമാകുന്നതിന് സഹായിക്കുന്നു.<br>വിവര സാങ്കേതിക വിദ്യകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തികൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യപങ്കാളിത്തത്തോടു കൂടിയുള്ള പാർക്കുകൾ (പ്രൈവറ്റ് ഐ.ടി. പാർക്കുകൾ) ഉൾപ്പെടെയുള്ള ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, നിലവിലുള്ള ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങി ഐ.ടി. മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ആവിഷ്ക്കരിച്ച സർക്കാറിന്റെ പുതിയ ഐ.ടി. നയം, ടെക്നോപാർക്കിനുള്ള "ഏകജാലക" സംവിധാനം, ടെക്നോപാർക്കിന്റെ Phase-II, Phase-III, Technocity, Technopark Kollam എന്നീ എല്ലാ പദ്ധതികളിലുമുള്ള SEZ സ്ഥല സൗകര്യം, ടെക്നോപാർക്കിന്റെ പ്രത്യേക സാമ്പത്തിക മേഖലകളിലും അല്ലാതെയും (SEZ and Non SEZ) വൻകിട IT/ITES സംരംഭങ്ങൾക്കുൾപ്പെടെ ആവശ്യമായ ഭൂമി, അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ലോകോ |

| | | | |
|---|---|---|---|
| | | | ത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, fully furnished Plug & Play മാതൃകയിലുള്ള ബിസിനസ്സ് ഓഫീസുകൾ (Smart Business Centre) തുടങ്ങിയ വയുടെ ലഭ്യത, പരിസ്ഥിതി സൗഹാർദ്ദത്തോടും Indian Green Building Council (IGBC) നിന്നും ലഭിച്ച Gold Rating Certificate, അംഗീകാര ത്തോടുകൂടിയും നിർമ്മാണം പൂർത്തിയാക്കിയ 1 Million sq.ft വിസ്തീർണ്ണമുള്ള ഗംഗ-യമുന കെട്ടിട സമുച്ചയം, Technopark-നെ മറ്റ് ഐ.ടി. പാർക്കുകളേക്കാൾ കൂടുതൽ attractive green campus - ആയി market ചെയ്യാൻ സഹായിക്കുന്നു.<br><br>കഴിഞ്ഞ 3 വർഷ കാലയളവിൽ കേരളത്തിലെ എല്ലാ ഐ.ടി. പാർക്കുകളും, കെ.എസ്.ഐ.റ്റി.ഐ.എൽ ഉം "Business promotion" രംഗത്ത് SME മേഖലകളുമായി കൈകോർത്തിട്ടുള്ളതായ ഒരു നൂതന മാതൃകയാണ് ഐ.ടി. മേഖലയിൽ സ്വീകരിച്ചു വരുന്നത്. ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ടു ചെയ്യുന്ന തിനോടൊപ്പം തന്നെ പുതിയ ഐ.ടി. സംരംഭകരെ കൂടി ഐ.ടി. പ്രതിനിധി സംഘത്തിലുൾപ്പെടുത്തി വിദേശ രാജ്യങ്ങളിലെ ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകുകയും ഇതുവഴി ഏകദേശം 70 -ഓളം SME കമ്പനിക ൾക്കും, 20 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഗ്ലോബൽ എക്സ്പോഷറിനുള്ള അവസരം ലഭിച്ചു. ദേശീയ/അന്തർ ദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെ ടുവാനും നിരവധി പുതു സംരംഭങ്ങൾക്ക് അവസരം ഒരുക്കുവാനും ഇതു മൂലം സാധിച്ചിട്ടുണ്ട്. ഇതു കൂടു തൽ ഐ.ടി. കയറ്റുമതിയ്ക്ക് വഴിയൊരുക്കും. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടേയും അവിടെ പ്രവർത്തിക്കുന്ന മറ്റ് ഐ.ടി. സംരംഭങ്ങളുടേയും വിപണനത്തിനായി പല യൂറോപ്യൻ രാജ്യങ്ങളിലും Australia, Newzeland എന്നിവിടങ്ങളിലും നടന്ന ഐ.ടി. മേളകളിൽ വൻകിട ഐ.ടി. കമ്പനിക ളുടെ പ്രതിനിധികളോടൊപ്പം 5 വീതം സ്റ്റാർട്ട് അപ്പ് കമ്പനികളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുക, എക്സിബിഷൻ സ്റ്റാളിൽ അവർക്കും പ്രദർശന സൗകര്യങ്ങൾ നൽകുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>ഇൻഫോപാർക്ക് :</u>**<br>കയറ്റുമതി ലക്ഷ്യമാക്കി കൂടുതൽ കമ്പനികൾ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പുതിയ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടുതൽ വ്യാപാരം ലഭ്യമാക്കാൻ വിദേശ രാജ്യങ്ങളിലേക്ക് പ്രതിനിധികളെ അയയ്ക്കാറുണ്ട്. മറ്റു രാജ്യങ്ങളുടെ |

| | | | |
|---|---|---|---|
| | | | Trade Facilitation Body യുടെ സഹായത്തോടെ കമ്പനികൾക്ക് വിദേശ രാജ്യങ്ങളിൽ വ്യാപാരം ചെയ്യുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിനുള്ള സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.<br>**KSITIL :**<br>ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, ചേർത്തല, കൊരട്ടി, കോഴിക്കോട് എന്നീ ഐ.ടി. പാർക്കുകൾ പ്രവർത്തനസജ്ജമാണ്. കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ KSITIL നടപ്പിലാക്കുന്നുണ്ട്. മലപ്പുറത്തും കോട്ടയത്തും ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.<br>**STPI :**<br>ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കുകൾ, ഹാർഡ്‌വെയർ ടെക്നോളജി പാർക്കുകൾ തുടങ്ങിയ സംരംഭങ്ങൾ STPI ആവിഷ്കരിച്ചിട്ടുണ്ട്. ഡാറ്റാ കമ്മ്യൂണിക്കേഷൻ സേവനങ്ങൾ, മൂല്യവർദ്ധിത സേവനങ്ങൾ, വ്യാവസായിക ഐ.ടി./ഐ.ടി. അനുബന്ധ സേവനങ്ങൾ, ചെറുകിട ഇടത്തരം സംരംഭകരുടെ ഉന്നമനവും അതിലൂടെ ഐ.ടി./ഐ.ടി. അനുബന്ധ സേവന സംരംഭക മേഖലയിൽ അനുകൂല സാഹചര്യം ഒരുക്കുന്നു. |
| (ബി) | കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ? | (ബി) | കോഴിക്കോട് സൈബർ പാർക്കിൽ 11,700 ചതുരശ്ര അടി. വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ ഉദ്ഘാടനം ചെയ്തു. 2.84 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടം പണി പുരോഗമിച്ചു വരുന്നു. പ്രസ്തുത കെട്ടിടം പണി പൂർത്തിയാക്കി 2016 ഏപ്രിലോടെ ഐ.ടി. സംരംഭകർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ